# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **5033** 24.07.2015-ൽ മറുപടിയ്ക്ക്

## കൊട്ടാരക്കര മൈലം നായാടി സമുദായാംഗങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കര താലൂക്കിൽ മൈലം പ്രദേശത്തെ നായാടി സമുദായാംഗങ്ങളെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; | (എ) & (ബി) | കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ "നായാടി" അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11.11.13-ലെ G.O(Rt)No.1579/13/SCSTDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നോക്ക സമുദായ (OBC) പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സമുദായക്കാരെ ഇപ്പോൾ ഏതു ജാതി വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ആരാണ് അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്; | | |
| (സി) | ഒരു ജാതിയെയോ വർഗ്ഗത്തെയോ പട്ടികജാതിയുടെയോ പട്ടികവർഗ്ഗത്തിന്റെയോ പട്ടികയിൽ ഉൾപ്പെടുത്താനോ ഒഴിവാക്കാനോ ഉള്ള അധികാരം ഉള്ളത് ആർക്കാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) | ഒരു സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന ശുപാർശയിന്മേൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ എന്നിവരുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും ശേഷമാണ് ടി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമോയെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനമെടുക്കുന്നത്. ആയത് പാർലമെന്റിൽ അവതരിപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി സമുദായത്തെ ഉൾപ്പെടുത്തി ഭരണഘടനാ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു. |

സെക്ഷൻ ഓഫീസർ